# സ്കൂളിന്റെ ചരിത്രപശ്ചാത്തലം

പുണ്യശ്ലോകനും ഋഷിവര്യനും ദൈവദാസനുമായ മാർ ഈവാനിയോസ് തിരുമേനിയുടെ ദർശനവും ആഗ്രഹവും അനുസരിച്ച് സ്ത്രീശാക്തീകരണവും, കുടുംബ സാമൂഹ്യ രാഷ്ട്രീയ പുരോഗതിയും ലക്ഷ്യമാക്കി സ്ഥാപിതമായ ഒരു വിദ്യാലയമാണ് **സെന്റ് ഗൊരേറ്റീസ് സ്കൂൾ.** 1955 ജൂൺ 6-ാം തീയതി അപ്പർ പ്രൈമറി വിഭാഗമായി നാലാഞ്ചിറ ബഥനി മഠത്തിന്റെ മുറ്റത്തുള്ള ഓല മേഞ്ഞ ഷെഡ്ഡിൽ 118 കുട്ടികളോടെ ഈ സ്കൂൾ സമാരംഭിച്ചു. വിജ്ഞാനം, വിശ്വാസം, വിശുദ്ധി എന്നീ ആപ്തവാക്യത്തിൽ അടിയുറച്ചായിരുന്നു സ്കൂളിന്റെ പ്രവർത്തനം.

കേരളത്തിന്റെ സാമുദായിക ദുസ്ഥിതിയിൽ തളച്ചിടപ്പെട്ട സ്ത്രീജനത്തെ സമുദ്ധരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസം നേടിയ സന്യാസിനികളുടെ സേവനം അഭികാമ്യമാണെന്ന് ക്രാന്തദർശിയായ മാർ ഇവാനിയോസ് പിതാവ് നിശ്ചയിച്ചു. ആ തീരുമാനത്തിന്റെ ഫലപ്രാപ്തി എന്ന നിലയിൽ ബഥനി ബാലികാമഠം സ്കൂൾ, തിരുമൂലപുരം (തിരുവല്ല), നങ്ങ്യാർകുളങ്ങര ബി. ബി. എച്ച്. എസ്, കായംകുളം സെന്റ്മേരീസ്, ചെങ്ങന്നൂർ സെന്റ് ആൻസ് തുടങ്ങിയ പെൺപള്ളിക്കൂടങ്ങൾ സ്ഥാപിച്ചു.

കേരളത്തിലെ എന്നല്ല, ഭാരതത്തിന്റെയും, ലോകം മുഴുവന്റെയും ശ്രദ്ധ ആകർഷിച്ച പ്രിയങ്കരനായ അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവാണ് ഈ സ്കൂളിലെ ആദ്യത്തെ കുട്ടികളുടെ പേര് അഡ്മിഷൻ രജിസ്റ്ററിൽ എഴുതിച്ചേർത്തത്.

1960 - ൽ പ്രൈമറി വിഭാഗത്തിനും 1961 - ൽ നഴ്സറി വിഭാഗത്തിനും ഹൈസ്കൂൾ വിഭാഗത്തിനും ആവശ്യമായ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി. 1964 -ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. പട്ടം താണുപിള്ളയാണ് ഹൈസ്കൂൾ ഉദ്ഘാടനം നിർവ്വഹിച്ചത്. 2002 - ൽ ഗവ. അംഗീകാരമുള്ള അൺ എയ്ഡഡ് ഹയർസെക്കണ്ടറി വിഭാഗം അനുവദിക്കപ്പെട്ടു.

ഗ്രാമീണാന്തരീക്ഷത്തിൽ നിന്നും വരുന്ന സാധാരണക്കാരായ കുട്ടികളാണ് ഇവിടുത്തെ അധ്യേതാക്കളിൽ ഭൂരിഭാഗവും. ബഥനി സന്യാസിനി സമൂഹത്തിന്റെ നേതൃത്വവും അധ്യാപകരുടെ കഠിനാദ്ധ്വാനവും, രക്ഷാകർത്താക്കളുടെ സഹകരണവും വിദ്യാലയത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ കുട്ടിയും പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടുക.

- എല്ലാ കുട്ടികളുടെയും കഴിവുകൾ കണ്ടെത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

- ശാരീരിക മാനസിക വൈകാരിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക.

- മാതൃഭാഷയിൽ ഉയർന്നശേഷി കൈവരിക്കുക.

- ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആവശ്യമായ ശേഷി വികസിപ്പിക്കുക.

- ദേശീയഭാഷയായ ഹിന്ദി ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആവശ്യ മായ ശേഷി വികസിപ്പിക്കുക.

- ആരോഗ്യകരമായ സ്ത്രീ പുരുഷബന്ധത്തെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് രൂപീകരിക്കുക.

# കാഴ്ചപ്പാട്

- പൂർണ്ണ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.
- പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.
- വിലയിരുത്തലിനെക്കുറിച്ചുള്ള കാഴ്ചപ്പാട് : ഓരോ കുട്ടിയുടെയും പഠനനേട്ടത്തെ ഉറപ്പാക്കും.
- പാരസ്ഥിതിക അവബോധവികാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.
- പെൺകുട്ടികളുടെ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട്.
- പാർശ്വവത്കരിക്കപ്പെട്ടവരുടെ പഠന പിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്.
- പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള സമീപനം.
- രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്.
- അധ്യാപക ശാക്തീകരണം സംബന്ധിച്ച കാഴ്ചപ്പാട്.
- ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും നിലവാരവും.
- കുട്ടികളുടെ മാനസിക - വൈകാരിക അവസ്ഥയും പഠനവും.

## മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടുക. | • പരിഹാരബോധനം, ശ്രദ്ധ, നവപ്രഭ<br>• തുടർപ്രവർത്തനങ്ങൾ<br>• അധികവായന<br>• രക്ഷകർത്താക്കളുടെ നിരന്തര പിന്തുണ<br>• മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യംനൽകുന്നു.<br>• മതസൗഹാർദ്ദ അന്തരീക്ഷംസൃഷ്ടിക്കുന്നു.<br>• ജനാധിപത്യ അവബോധം, രാജ്യസ്നേഹം ഇവ വളർത്തുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു. | | • ക്ലാസ്സ് അധ്യാപകർ<br>• ബന്ധപ്പെട്ട അധ്യാപകർ<br>• വിവിധ ക്ലബ്ബുകൾ | |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും കഴിവുകൾ കണ്ടെത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കുക. | • കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുന്നു.<br>• താൽപര്യമുള്ള മേഖല അനുസരിച്ച് കുട്ടികളെ ഗ്രൂപ്പാക്കുന്നു.<br>• റ്റാലന്റ് ബോർഡ് രൂപീകരണം<br>• സർഗ്ഗശേഷികൾ പ്രദർശിപ്പിക്കൽ<br>• ഭിന്നശേഷിക്കാരെ പരിഗണിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ<br><br>മാസത്തിൽ ഒരിക്കൽ | ക്ളാസ്സ് ടീച്ചർ<br><br>ടാലന്റ് ക്ളബ്ബ് ചുമതലയുള്ള അധ്യാപകർ | |
| ശാരീരിക മാനസിക വൈകാരിക ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുക. | • കൗൺസിലിംഗ്<br>• ബോധവത്കരണ ക്ളാസ്സുകൾ<br>• മനശാസ്ത്ര വിദഗ്ദരുടെ ക്ളാസ്സ് | ആവശ്യാനുസരണം<br><br>വർഷത്തിൽ രണ്ടു തവണ | | PTA , HM |

# ഹൈസ്കൂൾ വിഭാഗം

**മേഖല : മലയാളം**

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | പ്രതീക്ഷിത ഉത്പന്നം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| മാതൃഭാഷയിൽ ഉയർന്നശേഷി കൈവരിക്കൽ. | • ലൈബ്രറിയുടെ ശരിയായ വിനിയോഗം<br>• ക്ലാസ്സ് ലൈബ്രറി<br>• അധികവായന<br>• പകർത്തെഴുത്ത്<br>• സർഗ്ഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുന്നു.<br>• സെമിനാർ<br>• വായന വാരാചരണം | 1 വർഷം<br><br>6 മാസം | മലയാളം ഭാഷാധ്യാപകർ | ആസ്വാദനക്കുറിപ്പ്<br><br>സെമിനാർ | |
| സർഗ്ഗശേഷികളുടെ പരിപോഷണം | • മലയാള ഭാഷാ വാരാചരണം<br>• വിദ്യാരംഗം കലാ സാഹിത്യവേദി<br>• പത്രവായന<br>• പത്രംതയ്യാറാക്കൽ<br>• മികച്ച പത്രത്തിന് | 1 വർഷം | | പ്രതിഭയോടൊത്ത് സംവാദം | |

## മേഖല - ഇംഗ്ലീഷ്

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | പ്രതീക്ഷിത ഉത്പന്നം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • ഇംഗ്ലീഷ് ക്ളബ്ബ്<br>• സ്പോക്കൺ ഇംഗ്ലീഷ് ക്ളാസ്സ്<br>• Creative Skill Development<br>• ഇംഗ്ലീഷ് അസംബ്ളി<br>• Reading Writing Skill Development<br>• English Fest Drama<br>• Field Trip<br>• Report Preparation<br>• English Day Celebration<br>• language Lab<br>• Script<br>• അവധിക്കാല സ്പോക്കൺ ഇംഗ്ലീഷ് ക്ളാസ്സ് | 1 വർഷം<br><br>6 മാസം | ഇംഗ്ലീഷ് ഭാഷാധ്യാപകർ | Magazine<br><br>Collection of poems<br><br>Dictionary making<br><br>Script writing<br><br>Grammar teaching through ICT<br><br>Skit | |

മേഖല: അക്കാദമികം ഹിന്ദി HS

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും പഠിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവുമ ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൃത്യമായി പരിചയപ്പെടുത്തുന്നു. | പ്രാരംഭം ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റ് നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രം, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ ജനുവരി |

| | | |
|---|---|---|
| കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | | |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങളുടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യ ഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ വാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പഠിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ ഉണ്ടാക്കി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ആഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം നവംബർ - ഡിസംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുന്ന | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. | |

| | | |
|---|---|---|
| എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | പ്രാഥ<br>ജൂൺ-<br>ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക; ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | പദ്യം ചൊല്ലൽ, കഥ, കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്-<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവസവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിച്ച് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

## മേഖല - സോഷ്യൽ സയൻസ്

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | പ്രതീക്ഷിത ഉത്പന്നം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സാമൂഹിക ജീവിയായ മനുഷ്യന് സാമൂഹിക മൂല്യങ്ങൾ, ജനാധിപത്യ മൂല്യങ്ങൾ, സാന്മാർഗ്ഗിക മൂല്യങ്ങൾ തുടങ്ങിയവ നേടുന്നതിന്. | • പൗരബോധം ഉളവാക്കാനുതകുന്ന രീതിയിലുള്ള ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | 6 മാസം | സോഷ്യൽ സയൻസ് അധ്യാപകർ | Magazine | |
| | • ആൽബം, അറ്റ്ലസ് നിർമ്മിക്കൽ<br>• സ്കിറ്റ്<br>• പതിപ്പ്<br>• Remedial Teaching | 1 വർഷം | | Documentary | |
| പ്രപഞ്ചത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും ജിജ്ഞാസ ഉളവാക്കുന്നതിനും | • ക്വിസ് പരിപാടികൾ<br>• സംവാദം<br>• സ്കൂൾ പാർലമെന്റ്<br>• എക്സിബിഷൻ, പഠനയാത്രകൾ | 6 മാസം | ക്ലബ്ബ് അംഗങ്ങൾ | ഭൂപട നിർമ്മാണം<br>Model – India | |
| | • പ്രൊജക്ട്, ഐ.സി.റ്റി സാധ്യതകൾ, ബോധവത്കരണ ക്ലാസ്സുകൾ, ദിനാചരണങ്ങൾ | 1 വർഷം | | Documentation | |

മേഖല - HS ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MP ഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. <u>ശാസ്ത്രലാബ് നവീകരണം</u> ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

**മേഖല - ജീവശാസ്ത്രം**

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | പ്രതീക്ഷിത ഉത്പന്നം | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| ശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുകയും ശാസ്ത്രാഭിരുചി വളർത്തുകയും ചെയ്യുന്നതിന്.<br><br>കുട്ടികളെ പ്രകൃതിയുമായി ഇണക്കുന്നു | • ശാസ്ത്ര പ്രദർശനം (സ്കൂൾ, ജില്ല)<br>• ശാസ്ത്രക്ളബ്ബ്<br>• ശാസ്ത്രക്വിസ്<br>• ടാലന്റ് സെർച്ച് പരീക്ഷ<br>• ക്ളബ്ബ് പ്രവർത്തനങ്ങൾ<br>• ശാസ്ത്രദിനാചരണങ്ങൾ<br>• സയൻസ് മാഗ | വർഷത്തിലൊരിക്കൽ<br><br>6 മാസം | | ശാസ്ത്ര ക്വിസ്<br><br>റോൾ പ്ലേ<br><br>സെമിനാർ | |

| | | | | | |
|---|---|---|---|---|---|
| അവയവ ദാനത്തിന്റെ മാഹാത്മ്യം<br><br>ഗ്രോ ബാഗ് നിർമ്മാണം<br><br>ജീവിത ശൈലി രോഗങ്ങളും ശാരീരിക ആരോഗ്യവും<br><br>കമ്പോസ്റ്റ് നിർമ്മാണം | സിൻ<br>• സെമിനാർ<br>• സ്കൂൾ അസംബ്ളി<br>• ദിനാചരണങ്ങൾ<br>• ശാസ്ത്രനാടകം<br>• ഫീൽഡ് ട്രിപ്പ്<br>• ശാസ്ത്രമേള<br>• സയൻസ് ലാബ് ശാക്തീകരണം<br>• ചർച്ച<br>• ബോധവത്കരണ റാലി | 6 മാസം<br><br>വർഷത്തിലൊരിക്കൽ | | ശാസ്ത്ര പതിപ്പ് | |

മേഖല - ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം - പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്‌സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | – |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | – |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു വർഷത്തിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | – |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടുത്തൽ | ശില്പശാല നടത്തുന്നു, ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ് | – |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഘതലവൻ | – |
| 6. അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |

ST. GORETTI'S H.S.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതഗ്രാമം, കുട്ടികൾ കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകർ ചേർന്നുള്ള കൂട്ടായ്മ | അവധി ദിവസങ്ങൾ | ഗണിത അധ്യാപകർ | — |
| 8. ഗണിതമത്സര വേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അധ്യാപകർ | പി.ടി.എ |
| 9. ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്കാവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ, ജൂലൈ മാസങ്ങൾ | ക്ലബ് സെക്രട്ടറി, അധ്യാപകർ | — |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
| --- | --- | --- | --- | --- |
| 10. രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തി ചുമതലകൾ നല്കുന്നു. | മാസത്തിൽ ഒന്ന് | അധ്യാപകർ, H.M, പി.ടി.എ പ്രസിഡന്റ് | - |
| 11. ഫിബൊനാച്ചി ദിനാചരണം | ഫിബൊനാച്ചി ശ്രേണിയുമായി ബന്ധപെട്ട വസ്തുക്കൾ പ്രകൃതിയിൽ നിന്ന് ശേഖരിച്ച് പട്ടികപെടുത്തുന്നു. | ജൂൺ (നവംബർ 23) | അധ്യാപകർ കുട്ടികൾ. | - |

GORETTI'S H.S. CHIRA

## മേഖല - ഐടി

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | പ്രതീക്ഷിത ഉത്പന്നം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക. | • ഐ.റ്റി ലാബുകൾ, ഇന്റർനെറ്റ് സൗകര്യം, അധ്യാപക ശാക്തീകരണം<br>• സ്കൂൾ ഐ.റ്റി കോർഡിനേറ്റർ രൂപീകരണം<br>• സ്റ്റുഡന്റ് ഐ.റ്റി കോർഡിനേറ്റർ രൂപീകരണം<br>• ആനിമേഷൻ, വീഡിയോ നിർമ്മാണം, എഡിറ്റിംഗ് തുടങ്ങിയ സാങ്കേതിക വിദ്യകളുടെ നിർമ്മാണം<br>• ഹ്രസ്വചലച്ചിത്ര നിർമ്മാണം<br>• ഭിന്നശേഷിക്കാരെ പരിഗണിക്കുന്നു. | 6 മാസം<br>1 വർഷം<br>1 വർഷം | | Digital Magazine<br>Slide Presentation<br>Digital painting<br>Short film<br>Animation | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## UP മലയാളം 2025-2026

### ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായാണ് മാസ്റ്റർപ്ലാൻ തയാറാക്കുന്നത്. വിദ്യാഭ്യാസ അവകാശ-നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ 'ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും' എന്നതാണ് ലക്ഷ്യം.

ലക്ഷ്യം

| | | | | |
|---|---|---|---|---|
| ശാരീരികവും മാനസികവുമായ ആരോഗ്യം കൈവരിക്കുന്നതിനും ലഹരിവിമുക്തമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും | ആരോഗ്യപരിപാലനം, നിയമം, ലഹരി ഉപയോഗം, സമൂഹമാധ്യമങ്ങളുടെ ഉപയോഗം തുടങ്ങിയവയിൽ ബോധവത്കരണം | ജൂൺ | അധ്യാപകർ | |
| ഭാഷയുടെ അടിസ്ഥാന-ശേഷി വികസനം. ആശയ-സംവാദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ ജൂലൈ | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തിലേക്ക്<br>പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും ആഗസ്റ്റ് | മലയാളം അധ്യാപകർ | |

ലക്ഷ്യം

| | | | | |
|---|---|---|---|---|
| സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം / മുഖാമുഖം**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | |
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **ഇ - കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | മലയാളം ഐടി അധ്യാപകർ | |
| കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ദരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | |

ACADEMIC MASTER PLAN UP ENGLISH

| Objectives | Activities | Teacher in charge | Portfolio | Duration |
|---|---|---|---|---|
| . Enhance reading comprehension<br>. Promote vocabulary growth<br>. Introduce literary elements like plot, character, theme etc<br>. Cultivate a reading habit | Book Review | All English teachers | Reading note | 1Year |
| . Promote language and literary skills.<br>. Enhance confidence through performances.<br>. Develop communication skill | Literary Fest | All English teachers | - | 1 week |
| . Enhance vocabulary<br>. Encourage independent learning<br>. Improve spelling and pronunciation | Dictionary making | All English teachers | Dictionary | 1 year |

## മേഖല - ഹിന്ദി

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | പ്രതീക്ഷിത ഉത്പന്നം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| മീഡ്രേ പന്നേ<br><br>ദേശീയ ഭാഷയായ ഹിന്ദി വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ. | • ഹിന്ദി ക്ളബ്ബ്<br>• പരിഹാരബോധനം<br>• Creative Skill Development<br>• അധികവായന<br>• ഹിന്ദിഅസംബ്ളി<br>• Hindi Day Celebration<br>• ICT സഹായത്താൽ ഭാഷാവബോധം സൃഷ്ടിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കാനായി ചിത്രങ്ങളുടെ സഹായത്താലുള്ള പഠനം | 6 മാസം<br><br>1 വർഷം | ഹിന്ദി അധ്യാപകർ | കഥയെഴുത്ത്<br><br>Magazine | |

## മേഖല - സോഷ്യൽസയൻസ്

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | പ്രതീക്ഷിത ഉത്പന്നം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സാമൂഹിക ജീവിയായ മനുഷ്യന് സാമൂഹിക മൂല്യങ്ങൾ, ജനാധിപത്യ മൂല്യങ്ങൾ, സാന്മാർഗ്ഗിക മൂല്യങ്ങൾ തുടങ്ങിയവ നേടുന്നതിന്.<br><br>പ്രപഞ്ചത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും ജിജ്ഞാസ ഉള്ളവാക്കുന്നതിനും | • പൗരബോധം ഉള്ളവാക്കാനുതകുന്ന രീതിയിലുള്ള ചർച്ചകൾ, സെമിനാറുകൾ<br>• ആൽബം, അറ്റ്ലസ് നിർമ്മിക്കൽ<br>• സ്കിറ്റ്<br>• പതിപ്പ്<br>• Remedial Teaching<br>• ക്വിസ് പരിപാടികൾ<br>• സംവാദം<br>• സ്കൂൾ പാർലമെന്റ്<br>• എക്സിബിഷൻ, പഠനയാത്രകൾ<br>• പ്രൊജക്ട്, ഐ.സി.റ്റി സാധ്യതകൾ, ബോധവത്കരണ ക്ലാസ്സുകൾ, ദിനാചരണങ്ങൾ | 6 മാസം<br><br>1 വർഷം<br><br>1 വർഷം | സോഷ്യൽ സയൻസ് അധ്യാപകർ<br><br>ക്ളബ്ബ് അംഗങ്ങൾ | Magazine<br><br>Documentary<br><br>Puzzles<br><br>Model – India<br><br>Documentation | |

## മേഖല - സയൻസ്

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | പ്രതീക്ഷിത ഉത്പന്നം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുകയും ശാസ്ത്രാഭിരുചി വളർത്തുകയും ചെയ്യുന്നതിന് | • ശാസ്ത്ര പ്രദർശനം (സ്കൂൾ, ജില്ല)<br>• ശാസ്ത്രക്ളബ്ബ്<br>• ശാസ്ത്രക്വിസ്<br>• ടാലന്റ് സെർച്ച് പരീക്ഷ<br>• ക്ളബ്ബ് പ്രവർത്തനങ്ങൾ<br>• ശാസ്ത്രദിനാചരണങ്ങൾ<br>• സയൻസ് മാഗസിൻ<br>• സെമിനാർ<br>• സ്കൂൾ അസംബ്ളി<br>• ദിനാചരണങ്ങൾ<br>• ശാസ്ത്രനാടകം<br>• ഫീൽഡ് ട്രിപ്പ്<br>• ശാസ്ത്രമേള<br>• സയൻസ് ലാബ് ശാക്തീകരണം<br>• ചർച്ച<br>• ബോധവത്കരണ റാലി | 1 വർഷം<br><br>1 വർഷം<br><br>6 മാസം<br><br>6 മാസം | സയൻസ് അധ്യാപകർ | ശാസ്ത്ര കിറ്റ്<br><br>സെമിനാർ<br><br>ശാസ്ത്ര പ്രദർശനം | |

**മേഖല - ഗണിതം**

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | പ്രതീക്ഷിത ഉത്പന്നം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഗണിതപഠനം കുട്ടികളിൽ ലളിതവും ആസ്വാദ്യകരവുമാക്കുന്നതിന് | • ഉണർത്തു പ്രവർത്തനം<br>• ക്ളബ്ബ് രൂപീകരിക്കൽ<br>• വിദഗ്ദരുടെ ക്ളാസ്സെടുക്കൽ<br>• മാത്സ് എക്സിബിഷൻ (സ്കൂൾതലം, ജില്ലാതലം)<br>• പരിഹാരബോധനം<br>• യൂണിറ്റ് ടെസ്റ്റ്<br>• ഐ.സി.റ്റി സാധ്യത ഉപയോഗിച്ചുള്ള പഠനം<br>• മാത്സ് മാഗസിൻ<br>• പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ ക്ളാസ്സ്<br>• ഗണിതലാബ് സജ്ജമാക്കൽ | 6 മാസം<br><br><br><br><br><br>6 മാസം | അധ്യാപകർ | ഭിന്നസംഖ്യ പരിചയപ്പെടുന്നു<br><br><br><br><br><br>ഭിന്നത്തിന്റെ പലരൂപങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കുന്നു. | സമ്മാനം<br>• പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br>• ചുമർപത്രിക<br>• പതിപ്പ്<br>• തിരക്കഥ നിർമ്മാണം<br>• ജീവചരിത്രക്കുറിപ്പ്<br>• പോർട്ട് ഫോളിയോ<br>• കത്ത്<br>• വിവരണം<br>• വർണ്ണന ഡയറി<br>• ഭാഷാജ്ഞാനം നൽകുന്നു.<br>• പാഠഭാഗങ്ങൾ നാടകരൂപത്തിൽ അവതരിപ്പിക്കുന്നു. | 1 വർഷം | വിദ്യാരംഗം കൺവീനർ | സ്കൂൾ പത്രം<br>കൈയ്യെഴുത്തു മാസിക<br>നാടകാവതരണം | |